**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 756** **10-06-2021 - ൽ മറുപടിയ്ക്ക്**

**സബ്ട്രഷറിക്ക് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | വടകര സബ്ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനു കീഴിൽ വടകര സബ്ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടില്ല. വടകര സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വടകര വില്ലേജിൽ റീ സർവ്വേ നമ്പർ 69/3-എ-1-ൽ പ്പെട്ട 9.8 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ട്രഷറി വകുപ്പിന് ഉപയോഗാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് അവിടെ ട്രഷറിക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു കെട്ടിടം നിർമ്മിക്കുന്നതിന് ട്രഷറി വകുപ്പിന്റെ നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ നിലവിൽ പുതിയ നിർമ്മാണ പ്രവർത്തികളൊന്നും തന്നെ ഇൻകെൽ ലിമിറ്റഡിന് നൽകേണ്ടതില്ലെന്നും പുതിയ നിർവ്വഹണ ഏജൻസിയെ ടെണ്ടർ നടപടികളിലൂടെ കണ്ടെത്തണമെന്നും ട്രഷറി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയത് എന്നാണ്; ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ഭരണാനുമതി നൽകിയിട്ടില്ല. |
| (സി) | പദ്ധതിക്കായുള്ള സ്ഥലമേറ്റെടുപ്പ് പൂർത്തിയായോ; | (സി) | വടകര സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വടകര വില്ലേജിൽ റീ സർവ്വേ നമ്പർ 69/3-എ-1-ൽ പ്പെട്ട 9.8 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ട്രഷറി വകുപ്പിന് ഉപയോഗാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | പുതിയ കെട്ടിടവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലായതിനാൽ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് ഈ അവസരത്തിൽ പറയുക പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ